**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1448** **10-10-2024 - ൽ മറുപടിയ്ക്ക്**

**വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ 2017-ന് അനുമതി ലഭ്യമായ വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | **വെഞ്ഞാറമൂട്ടിൽ ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ അംഗീകാരം നൽകിയത് 2021 ലാണ്. ഡിസ്പെൻസറിക്ക് വേണ്ടി ബി.എസ്.എൻ.എൽ ന്റെ കെട്ടിടം കണ്ടെത്തിയെങ്കിലും വാടക സംബന്ധിച്ച വിഷയത്തെത്തുടർന്ന് പ്രസ്തുത കെട്ടിടം ഏറ്റെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് ശാന്തിഗിരി ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം സൗജന്യമായി നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതിക്കായി ഇ.എസ്.ഐ കോർപ്പറേഷൻ ഹെഡ് ക്വാർട്ടേഴ്സിലേക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം അനുയോജ്യമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷന്റേയും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റേയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ ഹെഡ് ക്വാർട്ടേഴ്സിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വെഞ്ഞാറമൂട് ഇ എസ് ഐ ഡിസ്പെൻസറി പ്രവർത്തനം ആരംഭിയ്ക്കുന്നതാണ്.** |
| (ബി) | കെട്ടിടവും ജീവനക്കാരെയും ലഭ്യമാക്കി പ്രസ്തുത ഡിസ്പെൻസറി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | **വെഞ്ഞാറമൂട്ടിൽ ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ അംഗീകാരം നൽകിയത് 2021 ലാണ്. ഡിസ്പെൻസറിക്ക് വേണ്ടി ബി.എസ്.എൻ.എൽ ന്റെ കെട്ടിടം കണ്ടെത്തിയെങ്കിലും വാടക സംബന്ധിച്ച വിഷയത്തെത്തുടർന്ന് പ്രസ്തുത കെട്ടിടം ഏറ്റെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് ശാന്തിഗിരി ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം സൗജന്യമായി നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതിക്കായി ഇ.എസ്.ഐ കോർപ്പറേഷൻ ഹെഡ് ക്വാർട്ടേഴ്സിലേക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം അനുയോജ്യമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്** |

| | | | |
|---|---|---|---|
| | | | **ഇ.എസ്.ഐ കോർപ്പറേഷന്റേയും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റേയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ ഹെഡ് ക്വാർട്ടേഴ്സിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വെഞ്ഞാറമൂട് ഇ എസ് ഐ ഡിസ്പെൻസറി പ്രവർത്തനം ആരംഭിയ്ക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ